**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2443.　　　19.07.2016 ൽ മറുപടിയ്ക്ക്.**

**ഡീസൽ എഞ്ചിൻ ഘടിപ്പിച്ച വാഹനങ്ങൾക്ക് വിലക്ക്**

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | 10 വർഷത്തിൽ കൂടുതൽ കാലപ്പഴക്കവും 2000 സിസി ക്ക് മേൽ പവർ ഉള്ള ഡീസൽ എഞ്ചിൻ ഘടിപ്പിച്ച വാഹനങ്ങളും കേരളത്തിലെ കോർപ്പറേഷൻ പരിധികളിൽ ഓടുന്നതിന് വിലക്ക് ഏർപ്പെടുത്തിയ ഹരിത ട്രിബ്യൂണലിന്റെ വിധിക്ക് എതിരെ എത്ര കാലത്തേയ്ക്കാണ് സ്റ്റേ ലഭിച്ചിട്ടുള്ളത്; വിശദമാക്കാമോ, ഇതു മൂലം വാഹന ഉടമകൾക്ക് നേരിടുന്ന ബുദ്ധിമുട്ട് മനസിലാക്കിയിട്ടുണ്ടോ; | (എ)<br>&<br>(ബി) | 23/05/2016 ലെ ഹരിത ട്രിബ്യൂണൽ കൊച്ചി സർക്യൂട്ട് ബഞ്ചിന്റെ വിധി ഹൈക്കോടതി രണ്ടു മാസത്തേയ്ക്കാണ് സ്റ്റേ ചെയ്തിരിക്കുന്നത്.<br>ഏകദേശം 61,000-ലധികം ട്രാൻസ്പോർട്ട് വാഹനങ്ങളുടെയും 40,000-ലധികം നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെയും പ്രവർത്തനത്തെ ടി വിധി ബാധിക്കും.<br>കെ.എസ്.ആർ.ടി.സി.യുടെ പത്ത് വർഷത്തിനുമേൽ പഴക്കമുള്ള 1102 ബസ്സുകളും ലോറി, വാൻ മുതലായ 117 വാഹനങ്ങളും ഈ വിധി നടപ്പിലായാൽ നിരത്തിൽ നിന്നും പിൻവലിക്കേണ്ടി വരും.<br>തുടർന്ന് ഈ ബസ്സുകൾക്ക് പകരം സി.എൻ.ജി ഇന്ധനം ഉപയോഗിച്ചുള്ള ബസ്സുകൾ നിരത്തിലിറക്കുന്നതിന് കോർപ്പറേഷന് ഏകദേശം 275 കോടി രൂപയുടെ അധിക ബാധ്യത ഏറ്റെടുക്കേണ്ടിവരും. ഓർഡിനറി വിഭാഗത്തിൽപ്പെടുന്ന 1102 ബസ്സുകൾ ഒറ്റയടിക്ക് നിരത്തിൽ നിന്നും പിൻവലിക്കുന്നതുമൂലം സാധാരണ ജനങ്ങളുടെ |
| (ബി) | ഈ സ്റ്റേ തുടർന്ന് ലഭിച്ചില്ലെങ്കിൽ, ഇത് നിയമമായി പ്രാബല്യത്തിൽ വന്നാൽ, കേരളത്തിൽ എത്രയൊക്കെ സ്വകാര്യ, ചരക്ക്, കെ.എസ്.ആർ.ടി.സി, പ്രൈവറ്റ് | | |

| | | | |
|---|---|---|---|
| | യാത്രാ വാഹനങ്ങൾക്ക് ബാധകമാകുമെന്ന് വിലയിരുത്തി യിട്ടുണ്ടോ; വിശദമാക്കുമോ ; | | യാത്രാ സൗകര്യത്തെ ബാധിക്കുകയും ചെയ്യും. കൂടാതെ ലോറി, വാൻ മുതലായ 117 വാഹനങ്ങൾ ഉപയോഗിച്ചാണ് കെ.എസ്.ആർ.ടി.സി. സ്പെയർ പാർട്സ്, മറ്റ് ആവശ്യ വസ്തുക്കൾ മുതലായവയുടെ വിതരണം നടത്തുന്നത്. ഈ വാഹനങ്ങൾ ഒറ്റയടിക്ക് പിൻവലിക്കുന്നതിലൂടെ കെ.എസ്.ആർ. ടി.സി.യുടെ സുഗമമായ പ്രവർത്തനം പ്രതിസന്ധിയിൽ ആകും. |
| (സി) | ഈ വാഹനങ്ങളുടെ എഞ്ചിനുകൾ മാറ്റി പകരം സി.എൻ.ജി. ഇന്ധനം ഉപയോഗിച്ച് വണ്ടികൾ ഓടിക്കാൻ ആവശ്യമായ സി.എൻ.ജി ഇന്ധന പമ്പുകൾ കേരളത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (സി) | സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ സി.എൻ.ജി. ഉപയോഗിച്ചുള്ള വാഹനങ്ങൾ ഓടിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. ഘട്ടം ഘട്ടമായി സ്വീകരിക്കുന്നതാണ്. ആദ്യഘട്ടമെന്ന നിലയിൽ സി.എൻ.ജി. ലഭ്യമായ എറണാകുളം നഗരത്തിൽ സി.എൻ.ജി ഉപയോഗിച്ചുള്ള വാഹനം ഓടിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതാണ്. കൂടുതൽ സ്ഥലങ്ങളിൽ വിവിധ എണ്ണക്കമ്പനികൾ ആണ് സി.എൻ.ജി. പമ്പുകൾ സ്ഥാപിക്കേണ്ടത്. ഇതിനായി സർക്കാർ തലത്തിൽ സ്വീകരിക്കേണ്ടതായ നടപടികൾ എല്ലാം സ്വീകരിക്കാവുന്നതാണ്. |
| (ഡി) | ഡീസൽ വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കാൻ ഡീസൽ വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഈടാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശ -ങ്ങൾ വെളിപ്പെടുത്തുമോ ? | (ഡി) | 2016-ലെ ബഡ്ജറ്റിൽ 15 വർഷം കഴിഞ്ഞ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 10 വർഷം കഴിഞ്ഞ ട്രാൻസ്പോർട്ട് വാഹനങ്ങൾ -ക്കും ഗ്രീൻടാക്സ് ഏർപ്പെടുത്തുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്ത തീയതി മുതൽ 15 വർഷം കഴിഞ്ഞ നോൺ |

| | | | |
|---|---|---|---|
| | | | ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഓരോ 5 വർഷത്തേക്കും 400 രൂപ നിരക്കിലും, രജിസ്റ്റർ ചെയ്ത തീയതി മുതൽ 10 വർഷം കഴിഞ്ഞ ലൈറ്റ് ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഓരോ വർഷവും 200 രൂപ നിരക്കിലും, രജിസ്റ്റർ ചെയ്ത തീയതി മുതൽ 10 വർഷം കഴിഞ്ഞ മീഡിയം ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഓരോ വർഷവും 300 രൂപ നിരക്കിലും, രജിസ്റ്റർ ചെയ്ത തീയതി മുതൽ 10 വർഷം കഴിഞ്ഞ ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഓരോ വർഷവും 400 രൂപ നിരക്കിലുമാണ് ഗ്രീൻ ടാക്സ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.